I/56839/2023

**തദ്ദേശ സ്വയംഭരണ (നഗരകാര്യം) ഡയറക്ടറുടെ ഉത്തരവ് നടപടികൾ**

(ഹാജർ: ശ്രീ. അലക്സ് വർഗ്ഗീസ് ഐ എ എസ്)

നഗരകാര്യ വകുപ്പ്– അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി - ലേബർ ബഡ്ജറ്റ് അംഗീകരിച്ചതും മുൻകാലങ്ങളിൽ അനുവദിച്ച തുകയുടെ 60% ൽ കൂടുതൽ തുക ചെലവഴിച്ചതുമായ നഗരസഭകൾക്ക് ഫണ്ട് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================================

LSGD/PD/26308/2023-DPLD3 തിരുവനന്തപുരം തീയതി. 17-08-2023

==============================================================================

പരാമർശം:- 1 സർക്കാറിന്റെ 06/05/2023 ലെ ജി ഒ (ആർ ടി) നം. 987/2023/തസ്വഭവ നം. ഉത്തരവ്.

2 23/10/2020, 24/07/2021, 24/11/2021, 06/05/22, 08/12/2022, 06/06/2023 തീയതികളിലെ സംസ്ഥാന കൗൺസിൽ തീരുമാനങ്ങൾ

3 നഗരസഭ സെക്രട്ടറിമാരുടെ വിവിധ തീയതികളിലെ അപേക്ഷകൾ

**ഉത്തരവ്**

അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം 2217-80-800-76 (പി) എന്ന ശീർഷകത്തിൽ 150,00,00,000/- രൂപ (നൂറ്റി അമ്പത് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുള്ളതും വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ ശിപാർശ പ്രകാരം നഗരസഭകൾക്ക് ഫണ്ട് അനുവദിച്ച് വരുന്നതുമാണ്. അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിക്ക വേണ്ടി 2023-24 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 150 കോടി രൂപ വിനിയോഗിക്കുന്നതിന് പരാമർശം (1) പ്രകാരം സർക്കാരിൽ നിന്നും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ചാലക്കുടി, ഗുരുവായൂർ, മഞ്ചേരി, മട്ടന്നൂർ, നെടുമങ്ങാട്, നിലമ്പൂർ, നോർത്ത് പറവൂർ, ഷൊർണ്ണൂർ, താനൂർ, വടക്കാഞ്ചേരി, കൽപ്പറ്റ, മണ്ണാർക്കാട്, ചങ്ങനാശ്ശേരി, പട്ടാമ്പി, പൊന്നാനി, കൂത്തുപറമ്പ, മുക്കം, പാലക്കാട്, ഒറ്റപ്പാലം, തലശ്ശേരി, തൃക്കാക്കര, ചിറ്റൂർ-തത്തമംഗലം, ചാവക്കാട്, കോഴിക്കോട്, കുന്നംകുളം, വൈക്കം, ഫെറോക്ക്, കണ്ണൂർ, രാമനാട്ടുകര, പന്തളം, നീലേശ്വരം, ആറ്റിങ്ങൽ, ഏലൂർ, കാഞ്ഞങ്ങാട്, കോട്ടക്കൽ കൊടുവള്ളി, വടകര, വളാഞ്ചേരി, നെയ്യാറ്റിൻകര, മാനന്തവാടി എന്നീ നഗരസഭകൾ മുൻകാലങ്ങളിൽ അനുവദിച്ച തുകയുടെ 60% ൽ അധികം ചെലവഴിച്ചിട്ടുള്ളതിനാൽ അടുത്ത ഗഡു അനുവദിച്ചു നൽകുന്നതിനായി പരാമർശം (3) പ്രകാരം നഗരസഭ സെക്രട്ടറിമാർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമാണ്.

കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും ഇതിനുമുൻപ് അനുവദിച്ച തുകയുടെ വിനിയോഗ ശതമാനം പരിശോധിച്ച് 60%-ൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ടെങ്കിൽ അടുത്ത ഗഡു അനുവദിച്ച് നൽകുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് (നഗരകാര്യം) ഡയറക്ടറെ ചുമതലപ്പെടുത്തി 06/06/2023 തീയതി ചേർന്ന അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൗൺസിൽ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്.

ആയതിനാൽ, മുൻകാലങ്ങളിൽ അനുവദിച്ച് നൽകിയ തുകയുടെ 60% ന് മുകളിൽ ചെലവഴിച്ച താഴെ പറയുന്ന നഗരസഭകൾക്ക് തുക നൽകുന്നതിന് തീരുമാനിച്ചു. ആയതിൻ പ്രകാരം ചാലക്കുടി, ഗുരുവായൂർ, മഞ്ചേരി, മട്ടന്നൂർ, നെടുമങ്ങാട്, നിലമ്പൂർ, നോർത്ത് പറവൂർ ഷൊർണ്ണൂർ, താനൂർ, വടക്കാഞ്ചേരി, കൽപ്പറ്റ, മണ്ണാർക്കാട്, ചങ്ങനാശ്ശേരി, പട്ടാമ്പി, പൊന്നാനി, കൂത്തുപറമ്പ, മുക്കം, പാലക്കാട്, ഒറ്റപ്പാലം, തലശ്ശേരി, തൃക്കാക്കര, ചിറ്റൂർ-തത്തമംഗലം, ചാവക്കാട്, കോഴിക്കോട്, കുന്നംകുളം, വൈക്കം, ഫെറോക്ക്, കണ്ണൂർ, രാമനാട്ടുകര, പന്തളം, നീലേശ്വരം, ആറ്റിങ്ങൽ, ഏലൂർ, കാഞ്ഞങ്ങാട്, കോട്ടക്കൽ കൊടുവള്ളി, വടകര, വളാഞ്ചേരി, നെയ്യാറ്റിൻകര, മാനന്തവാടി എന്നീ നഗരസഭകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള ലേബർ ബഡ്ജറ്റിന്റെയും വിനിയോഗ സാക്ഷ്യപത്രത്തിന്റെയും ബന്ധപ്പെട്ട നഗരസഭകളിലെ സെക്രട്ടറിമാരുടെ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം തുക അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമനം | നഗരസഭ | സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിച്ച ലേബർ ബഡ്ജറ്റ് പ്രകാരമുള്ള തുക | ലേബർ ബഡ്ജറ്റ് വർഷം | ലേബർ ബഡ്ജറ്റിന്റെയും വിനിയോഗ ത്തിന്റയും അടിസ്ഥീനത്തിൽ അനുവദിക്കുന്ന തുക |
|---|---|---|---|---|
| 1. | ചാലക്കുടി | 3,73,20,700 | 2023-24 | 4000000 |
| 2. | ഗുരുവായൂർ | 18,02,00,000 | 2022-23 | 4000000 |

I/56839/2023

| | | | | |
|---|---|---|---|---|
| 3. | മഞ്ചേരി | 20,11,19,000 | 2023-24 | 4000000 |
| 4. | മട്ടന്നൂർ | 8,91,80,508 | 2023-24 | 4000000 |
| 5. | നെടുമങ്ങാട് | 24,39,40,000 | 2023-24 | 5000000 |
| 6. | നിലമ്പൂർ | 7,57,36,000 | 2023-24 | 4000000 |
| 7. | നോർത്ത് പറവൂർ | 3,71,34,500 | 2023-24 | 3000000 |
| 8. | ഷൊർണ്ണൂർ | 17,58,94,900 | 2023-24 | 4000000 |
| 9. | താനൂർ | 3,49,85,850 | 2023-24 | 5000000 |
| 10. | വടക്കാഞ്ചേരി | 11,25,50,000 | 2023-24 | 5000000 |
| 11. | കൽപ്പറ്റ | 12,88,00,000 | 2023-24 | 4000000 |
| 12. | മണ്ണാർക്കാട് | 3,98,53,250 | 2023-24 | 4000000 |
| 13. | ചങ്ങനാശ്ശേരി | 6,90,09,000 | 2023-24 | 4000000 |
| 14. | പട്ടാമ്പി | 5,32,00,000 | 2023-24 | 4000000 |
| 15. | പൊന്നാനി | 8,29,24,996 | 2023-24 | 4000000 |
| 16 | കൂത്തുപറമ്പ | 7,33,42,450 | 2023-24 | 4000000 |
| 17 | മുക്കം | 7,80,00,000 | 2023-24 | 4000000 |
| 18 | പാലക്കാട് | 17,82,93,000 | 2023-24 | 4000000 |
| 19 | ഒറ്റപ്പാലം | 16,56,20,000 | 2022-23 | 5000000 |
| 20 | തലശ്ശേരി | 6,28,73,315 | 2023-24 | 4000000 |
| 21 | തൃക്കാക്കര | 4,31,83,800 | 2023-24 | 4000000 |
| 22 | ചിറ്റൂർ തത്തമംഗലം | 9,75,75,000 | 2023-24 | 4000000 |
| 23 | ചാവക്കാട് | 7,65,50,000 | 2023-24 | 4000000 |
| 24 | കോഴിക്കോട് | 10,16,00,000 | 2022-23 | 5000000 |
| 25 | കുന്നംകുളം | 14,23,16,832 | 2023-24 | 4000000 |
| 26 | വൈക്കം | 25,25,70,875 | 2023-24 | 4000000 |
| 27 | ഫെറോക്ക് | 8,48,82,517 | 2023-24 | 4000000 |
| 28 | കണ്ണൂർ | 8,48,82,517 | 2023-24 | 4000000 |
| 29 | രാമനാട്ടുകര | 3,59,53,486 | 2023-24 | 4000000 |
| 30 | പന്തളം | 5,50,00,000 | 2023-24 | 5000000 |
| 31 | നീലേശ്വരം | 8,94,00,000 | 2022-23 | 4000000 |
| 32 | ആറ്റിങ്ങൽ | 16,42,83,305 | 2023-24 | 4000000 |
| 33 | ഏലൂർ | 4,41,47,492 | 2023-24 | 3000000 |
| 34 | കാഞ്ഞങ്ങാട് | 16,91,95,307 | 2022-23 | 4000000 |
| 35 | കോട്ടക്കൽ | 6,63,49,440 | 2023-24 | 3000000 |
| 36 | കൊടുവള്ളി | 4,05,01,620 | 2023-24 | 3000000 |
| 37 | വടകര | 13,36,84,175 | 2022-23 | 4000000 |
| 38 | വളാഞ്ചേരി | 3,48,19,620 | 2023-24 | 4000000 |
| 39 | നെയ്യാറ്റിൻകര | 12,81,00,000 | 2023-24 | 4000000 |
| 40 | മാനന്തവാടി | 36,76,50,000 | 2022-23 | 4000000 |
| | **ആകെ** | | | **16,20,00,000** |

അയ്യൻകാളി സംസ്ഥാന നഗര തൊഴിലുറപ്പ് കൗൺസിൽ അംഗീകരിച്ച ലേബർ ബഡ്ജറ്റിനും മാർഗ്ഗരേഖക്കും വിധേയമായി

I/56839/2023

പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് മേൽ നഗരസഭ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ്. അനുവദിക്കുന്ന തുക നഗരസഭ സെക്രട്ടറിമാർ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തി മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രം ചെലവഴിക്കേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം ലഭ്യമാക്കേണ്ടതുമാണ്.

അലോട്ട്മെന്റ് സർക്കാർ ഫിനാൻസ് വകുപ്പിന്റെ BAMS Software മുഖേന അംഗീകരിക്കുന്നതിനു വേണ്ടി ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

**DIRECTOR (URBAN)**

**ബന്ധപ്പെട്ട നഗരസഭ സെക്രട്ടറിമാർക്ക്**

**പകർപ്പ്–**സെക്ഷൻ, സൂപ്രണ്ട്, കരുതൽ ഫയൽ

ആജ്ഞാനുസരണം/അയക്കുന്നത്

സൂപ്രണ്ട്